65021/2022

## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : ബിന്ദു ഗോപിനാഥ് (i/c))

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐ.സി.ഡി.എസ് പദ്ധതി - POL ചാർജ്ജസ്സ്-- കരാർ വാഹനങ്ങളുടെ വാടക - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1.സ.ഉ (സാധാ) നം. 382/2022/വശിവിവ തിയതി: 24.08.2022

2.ഈ കാര്യാലയത്തിലെ 25.08.2022 ലെ DWCD/833/2022/ICDS-A1 നമ്പർ ഉത്തരവ്

3.ഈ കാര്യാലയത്തിലെ 29.08.2022 ലെ DWCD/3911/2022/ICDS-D1 നമ്പർ ഉത്തരവ്

4.യു.ഒ നോട്ട് നം. DWCD/3911/2022-D1, തിയതി : 26.10.2022

**ഉത്തരവ് നം.DWCD/5183/2022-ICDSA1 തിയതി: 03-11-2022**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് ജനറൽ പദ്ധതി PFMS , SNA മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രോജക്ട് ഓഫീസുകളിലും എല്ലാ പ്രോഗ്രാം ഓഫീസുകളിലും സബ്സിഡിയറി സീറോ ബാലൻസ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ICDS പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പരാമർശം (1) പ്രകാരം 50 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത 50 കോടി രൂപ വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത തുകയിൽ നിന്നും സ്വന്തം വാഹനങ്ങളുള്ള ICDSപ്രോജക്ടുകളിലേയും പ്രോഗ്രാം ഓഫീസുകളിലെയും ഇന്ധനചെലവും കരാർ വാഹനങ്ങളുടെ വാടകയും 2022 മാർച്ച് മുതൽ ആഗസ്റ്റ് വരെയുള്ള 6 മാസ കാലയളവിലേയ്ക്ക് നൽകുന്നതിന് 2,48,77,860/- രൂപ (രണ്ട് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിയേഴായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) പരാമർശം(3) പ്രകാരം അതാത് ജില്ലാ ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

സ്വന്തം വാഹനങ്ങളുള്ള ICDSപ്രോജക്ടുകളിലേയും പ്രോഗ്രാം ഓഫീസുകളിലെയും ഇന്ധനചെലവും കരാർ വാഹനങ്ങളുടെ വാടകയും 2022 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള 4 മാസ കാലയളവിലേയ്ക്ക് നൽകുന്നതിന് 73,55,138/- രൂപ അതാത് ജില്ലാ ഓഫീസർമാർക്ക് അനുവദിക്കുന്നതിനായി പരാമർശം(4) പ്രകാരം വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സ്വന്തം വാഹനങ്ങളുള്ള ICDSപ്രോജക്ടുകളിലേയും പ്രോഗ്രാം ഓഫീസുകളിലെയും ഇന്ധനചെലവും കരാർ വാഹനങ്ങളുടെ വാടകയും 2022 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള 4 മാസ കാലയളവിലേയ്ക്ക് നൽകുന്നതിന് 73,55,138/- രൂപ (എഴുപത്തിമൂന്ന് ലക്ഷത്തി അൻപത്തി അയ്യായിരത്തി ഒരുനൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം അതാത് ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

ICDS പ്രോജക്ട് ഓഫീസുകൾക്ക് അനുവദിക്കുന്ന തുക

| ക്രമ നമ്പർ | ജില്ല | POL charges (സ്വന്തം വാഹനങ്ങൾക്ക്) | കരാർ വാഹന വാടക | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 83650 | 1144009 | 1227659 |
| 2 | കൊല്ലം | 51300 | 409150 | 460450 |
| 3 | പത്തനംതിട്ട | 52432 | 247023 | 299455 |
| 4 | ആലപ്പുഴ | 22000 | 36610 | 58610 |
| 5 | കോട്ടയം | 51930 | 298850 | 350780 |
| 6 | ഇടുക്കി | 32500 | 246572 | 279072 |
| 7 | എറണാകുളം | 74116 | 501737 | 575853 |
| 8 | തൃശ്ശൂർ | 65625 | 627102 | 692727 |
| 9 | പാലക്കാട് | 101180 | 167533 | 268713 |
| 10 | മലപ്പുറം | 20000 | 908187 | 928187 |
| 11 | കോഴിക്കോട് | 59839 | 519133 | 578972 |
| 12 | വയനാട് | 34000 | 574656 | 608656 |
| 13 | കണ്ണൂർ | 0 | 574404 | 574404 |
| 14 | കാസർഗോഡ് | 0 | 231130 | 231130 |
| | ആകെ | 648572 | 6486096 | 7134668 |

പ്രോഗ്രാം ഓഫീസുകൾക്ക് അനുവദിക്കുന്ന തുക

| ക്രമ നമ്പർ | ജില്ല | POL charges (സ്വന്തം വാഹനങ്ങൾക്ക്) | കരാർ വാഹന വാടക | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 30000 | 0 | 30000 |
| 2 | കൊല്ലം | 0 | 74820 | 74820 |
| 3 | പത്തനംതിട്ട | 0 | 0 | 0 |
| 4 | ആലപ്പുഴ | 30150 | 0 | 30150 |
| 5 | കോട്ടയം | 7500 | 0 | 7500 |
| 6 | ഇടുക്കി | 0 | 0 | 0 |
| 7 | എറണാകുളം | 25000 | 0 | 25000 |
| 8 | തൃശ്ശൂർ | 0 | 0 | 0 |
| 9 | പാലക്കാട് | 19500 | 0 | 19500 |
| 10 | മലപ്പുറം | 33500 | 0 | 33500 |
| 11 | കോഴിക്കോട് | 0 | 0 | 0 |
| 12 | വയനാട് | 0 | 0 | 0 |
| 13 | കണ്ണൂർ | 0 | 0 | 0 |
| 14 | കാസർഗോഡ് | 0 | 0 | 0 |
| | ആകെ | 145650 | 74820 | 220470 |

ICDS പ്രോജക്ടുകൾക്കാവശ്യമായ 71,34,668/- രൂപയും പ്രോഗ്രാം ഓഫീസുകൾക്കാവശ്യമായ 2,20,470/- രൂപയും ചേർത്ത് ആകെ 73,55,138/- രൂപ (എഴുപത്തിമൂന്ന് ലക്ഷത്തി അൻപത്തിഅയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിന്നും അതാത്

5021/2022

ജില്ലാ വനിത ശിശുവികസന പദ്ധതി ഓഫീസർക്ക് PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക PFMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള hiring for vehicles /petros, oil & lubricant of vehicles എന്ന കംപോണന്റിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ജില്ലാ വനിത ശിശുവികസന ഓഫീസർമാർ അവരവരുടെ കീഴിലുള്ള ശിശുവികസന പദ്ധതി ഓഫീസർമാർക്കും, പ്രോഗ്രാം ഓഫീസർമാർക്കും ആവശ്യമായ തുക PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതും തുക PFMS മുഖേന ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

<u>പകർപ്പ്</u>

1.സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ
2.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്